**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **09-12-2022 - ൽ മറുപടിയ്ക്ക്**

**നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവിന് കാരണം എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാർ കൈക്കൊണ്ടിരിക്കുന്ന നയങ്ങൾ തന്നെയാണ് ഈ വിലയിടിവുകൾക്ക് പ്രധാന കാരണം . ഭക്ഷ്യ എണ്ണയുടെ കയറ്റുമതി ഇറക്കുമതി നയങ്ങൾ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാതെയാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. 01-03-2018 ൽ പാമോയിലിന്റെ ഇറക്കുമതി തീരുവ 44 ശതമാനം ഉണ്ടായിരുന്നത് ഫെബ്രുവരി 2022 ൽ 5.5 ശതമാനമായി കുറച്ചു. ഈ തീരുമാനം 30.09-2022 വരെയായിരുന്നു കൈക്കൊണ്ടിരുന്നത്. സെപ്റ്റംബറിന് ശേഷമെങ്കിലും നാളികേരത്തിന് നല്ല വില ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കേരളത്തിലെ നാളികേര കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കികൊണ്ട് 2022 ഒക്ടോബർ മാസം ഈ ഇളവ് 31-03-2023 വരെ കേന്ദ്ര സർക്കാർ നീട്ടുകയുണ്ടായി. പാമോയിലിന്റെ ഇറക്കുമതി ഒക്ടോബർ 2019 മുതൽ സെപ്റ്റംബർ 2020 വരെ 5.35 ലക്ഷം ടൺ ആയിരുന്നത് ഒക്ടോബർ 2021 മുതൽ മെയ് 2022 വരെയുള്ള 8 മാസത്തിൽ മാത്രം 10.8 ലക്ഷം ടൺ ആയി ഉയർന്നു. വെളിച്ചെണ്ണയുടെ വിലയേയും നാളികേരത്തിന്റെ വിലയേയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്. നാണ്യവിളകളുടേയും കാർഷിക വിഭവങ്ങളുടേയും കയറ്റുമതി ഇറക്കുമതി നയങ്ങൾ കേന്ദ്രസർക്കാർ കൈക്കൊള്ളുമ്പോൾ പ്രസ്തുത വിഭവങ്ങൾ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളുടെ അഭിപ്രായം കൂടി മാനിച്ചായിരിക്കണം എന്ന് പല തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും ആശാവഹമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല .<br>പാചകാവശ്യങ്ങൾക്കായി വെളിച്ചെണ്ണ യല്ലാതെയുള്ള |

| | | | |
|---|---|---|---|
| | | | മറ്റ് എണ്ണകൾ കുറഞ്ഞ വിലയ്ക്ക് ലഭിച്ചു തുടങ്ങിയതിനെ തുടർന്ന് വെളിച്ചെണ്ണയുടെ ഉപഭോഗം കുറഞ്ഞതും നാളികേരത്തിന്റെ വിലയിടിവിന് കാരണമായിട്ടുണ്ട്. |
| (ബി) | നാളികേര വിലയിടിവ് തടയാൻ പ്രഖ്യാപിച്ച സംഭരണ പദ്ധതി നടത്തിപ്പിലെ അപര്യാപ്തത മൂലം കർഷകർക്ക് ഗുണഫലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്രനയങ്ങൾ മൂലം നാളികേരത്തിന് ഉണ്ടാകുന്ന വിലയിടിവ് കാരണം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ വർഷം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുകയുണ്ടായി. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണ കേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് കേര കർഷകനെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും, VFPCK യോട് 28 സംഭരണകേന്ദ്രവും, KSCDC യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംഭരണ കേന്ദ്രങ്ങളിൽ 22 എണ്ണം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. തേങ്ങ സംഭരിച്ച ഇനത്തിൽ 18 കോടി രൂപ കേരഫെഡ് നാളിതുവരെ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 01/12/2022 വരെ **6001.12** ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുമുണ്ട്. സർക്കാരിന്റെ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലവിലുള്ളത് .<br><br>04.03.2022 ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 08.11.2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | നാളികേരത്തിന്റെ താങ്ങുവില ഉയർത്തുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | കേന്ദ്രനയങ്ങൾ മൂലം നാളികേരത്തിന് ഉണ്ടാകുന്ന വിലയിടിവ് കാരണം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ വർഷം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുകയുണ്ടായി. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണ കേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് കേര കർഷകനെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും, VFPCK യോട് 28 സംഭരണകേന്ദ്രവും, KSCDC യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംഭരണ കേന്ദ്രങ്ങളിൽ 22 എണ്ണം Mobile Procurement Centre ആയി പ്രവർത്തിക്കുന്നതാണ്. തേങ്ങ സംഭരിച്ച ഇനത്തിൽ 18 കോടി രൂപ കേരഫെഡ് നാളിതുവരെ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 01/12/2022 വരെ **6001.12** ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുമുണ്ട്. സർക്കാരിന്റെ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലവിലുള്ളത് .<br><br>04.03.2022 ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 08.11.2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അതത് പ്രദേശങ്ങളിലെ കൃഷി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തെങ്ങിൻ തൈകൾ കർഷകർ വാങ്ങിയാൽ മാത്രമേ അവരിൽ നിന്ന് നാളികേരം | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| | സംഭരിക്കേണ്ടതുള്ളൂ എന്ന നിർദേശം നല്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ